**പ്രസ് റിലേഷൻസ് ഡിവിഷൻ - കേന്ദ്രകാര്യാലയം**
**പോസ്റ്റ് ബോക്സ്: 406, മുംബൈ - 400 001**
**ഫോൺ: 22660502 ഫാക്സ്: 22660358, 22703279**

ഭാരതീയ റിസർവ് ബാങ്ക്
RBI on Internet : http://www.rbi.org.in
Email : helpprd@rbi.org.in

2004, ഫെബ്രുവരി 24

## കറണ്ട് അക്കൗണ്ട് ഇടപാടുകൾ കൂടുതൽ ഉദാരവല്ക്കരിക്കപ്പെടുന്നു

കറണ്ട് അക്കൗണ്ട് ഇടപാടുകൾ കൂടുതൽ ലളിതവും ഉദാരവുമാക്കുന്നതിന് വിദേശ വിനിമയ മാനേജ്മെന്റ് നിയമ (കറണ്ട് അക്കൗണ്ട് ഇടപാടുകൾ/2000 പ്രകാരം താഴെപ്പറയുന്ന കാറ്റഗറിയിൽപ്പെടുന്ന പണമടവുകൾ (റിമിറ്റൻസ്) നടത്താൻ അംഗീകൃത ഡീലർമാർക്ക് അനുമതി നൽകാനുള്ള തീരുമാനം ഭാരതീയ റിസർവ് ബാങ്ക് പ്രഖ്യാപിച്ചിരിക്കുന്നു.

- കലാകാരന്മാർ, ഉദാ: ഗുസ്തിക്കാർ, നർത്തകർ, വിനോദിപ്പിക്കുന്നവർ തുടങ്ങിയവർ നടത്തുന്ന പണമടവുകൾ.
- വിദേശത്തുള്ള ഏജന്റുമാർക്ക് താമസത്തിനുള്ള ഭൂമി വില്പന നടത്തിയതിന്റെ കമ്മീഷനായി 25,000 യു.എസ്. ഡോളറോ അല്ലെങ്കിൽ ഇൻവേർഡ് റിമിറ്റൻസിന്റെ 5 ശതമാനമോ, ഏതാണോ ഉയർന്നതെന്നു വെച്ചാൽ അത്.
- ഇന്ത്യൻ കമ്പനികളുടെ വിദേശത്തുള്ള ഓഫീസുകൾക്കായി ഹ്രസ്വകാല ക്രെഡിറ്റ്.
- കയറ്റുമതി വരുമാനം 10 ലക്ഷം രൂപയിൽ കുറവുള്ളവരുടെ വിദേശ ടെലിവിഷനിൽ പരസ്യത്തിനുവേണ്ടിയുള്ള പണമടവ്.
- FEMA (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) നിയമത്തിന്റെ ഷെഡ്യൂൾ II-ന് കീഴിൽ നിർദ്ദേശിച്ചിരിക്കുന്ന ചട്ടങ്ങൾക്കനുസൃതമായിരിക്കണം റിസർവ് ബാങ്കിൽ കരാർ രജിസ്റ്റർ ചെയ്യാത്ത റോയൽറ്റിയുടെയും മൊത്തം സംഖ്യയായുള്ള ഫീസിന്റെയും അടവ്.
- ട്രേഡ്മാർക്ക്/ഫ്രാഞ്ചൈസി എന്നിവയുടെ ഉപയോഗത്തിനുള്ള പണമടവ് ട്രേഡ്മാർക്ക്/ഫ്രാഞ്ചൈസി വാങ്ങുന്നതിന് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി വേണമെന്നതിന് മാറ്റമില്ല.

മുൻകാലത്ത് ഇത്തരം ഇടപാടുകൾക്ക് റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമായിരുന്നു. അതുപോലെ, വിദേശത്തുള്ള ഒരു കമ്പനിയിൽ നിന്നും വ്യക്തിപരമായ ഹെൽത്ത് ഇൻഷ്യൂറൻസ് നേടുന്നതിനുള്ള പണമടവും ഭാരത സർക്കാരിന്റെ മുൻകൂർ

അനുമതി ഇനിമേലിൽ ആവശ്യമില്ല. ഇവ നടപ്പാക്കുന്നതിനുവേണ്ട മാർഗ്ഗരേഖകൾ അംഗീകൃത ഡീലർമാർക്ക് നൽകുന്നതാണ്.

**പി.വി. സദാനന്ദൻ**

മാനേജർ

പ്രസ് റിലീസ്: 2003-2004/1019